23/11/2024

SATURDAY ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: Nizam S A Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

### എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 23/11/2024

1. കർഷക സേവനങ്ങൾ വേഗത്തിലാക്കാൻ കർഷക രജിസ്ട്രി. കൃഷിക്കുള്ള ഡിജിറ്റൽ പബ്ലിക് ഇൻഫ്രാസ്ട്രക്ചറിന്റെ (അഗ്രി സ്റ്റാക്ക്) ഘടകങ്ങളിലൊന്നാണ് കർഷക രജിസ്ട്രി. കർഷക രജിസ്ട്രി പ്രവർത്തന ക്ഷമമാകുന്നതിന്റെ ഫലമായി സർക്കാർ പദ്ധതികൾ വേഗത്തിലും, സുതാര്യമായും കർഷകർക്ക് ലഭ്യമാകുന്നു. കൂടാതെ പേപ്പർ രഹിതവും സുഗമവുമായുള്ള വിള വായ്പകൾ, തടസ്സങ്ങളില്ലാതെയുള്ള വിള സംഭരണം തുടങ്ങിയവ കർഷകർക്ക് ഗുണകരമായ രീതിയിൽ ലളിതവത്ക്കരിക്കുന്നതിനായുള്ള കർഷക കേന്ദ്രീകൃത ഡിജിറ്റൽ പരിഹാരങ്ങൾ വികസിപ്പിക്കാൻ കർഷക രജിസ്ട്രി സഹായിക്കും. കേരളത്തിലെ പി എം കിസാൻ ഗുണഭോക്താക്കൾ ഉൾപ്പെടെ 30 ലക്ഷം കർഷകരെ കർഷക രജിസ്ട്രിയുടെ ഭാഗമാക്കാനാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്. കേന്ദ്രസർക്കാരിന്റെ കർഷക രജിസ്ട്രി ആപ്ലിക്കേഷനിലൂടെ സമർപ്പിക്കുന്ന കർഷകരുടെ വിവരങ്ങൾ ഉപയോഗിച്ച് ദേശീയതലത്തിൽ ജനറേറ്റ് ചെയ്യുന്ന ഒരു കർഷക ഐഡി കർഷകർക്ക് ലഭ്യമാകുന്നു. ഇതുപയോഗിച്ച് കർഷകർക്ക് ഭാവിയിൽ കേന്ദ്ര സംസ്ഥാന സർക്കാരിന്റെ വിവിധ പദ്ധതികളിലെ ആനുകൂല്യങ്ങൾ മറ്റ് രേഖകളൊന്നും കൂടാതെ തന്നെ സുതാര്യമായും കാര്യക്ഷമമായും വേഗത്തിലും ലഭ്യമാകും. കർഷക രജിസ്ട്രിയുമായി ബന്ധപ്പെട്ട് കൃഷിഭവനിൽ നിന്നും അറിയിപ്പ് ലഭിച്ചാലുടൻ തന്നെ കേന്ദ്ര സർക്കാരിന്റെ കർഷക രജിസ്ട്രി ആപ്ലിക്കേഷനിൽ ലോഗിൻ ചെയ്തു ആധാർ ലിങ്ക് ചെയ്ത മൊബൈൽ ഫോണിൽ വരുന്ന OTP നല്കി ആധാർ കാർഡ്, തങ്ങളുടെ കൃഷി ഭൂമി സംബന്ധിച്ച വിവരങ്ങൾ, കരമടച്ച രസീത് എന്നിവയുമായി ഒത്തു നോക്കി ശരിയാണെന്നു ഉറപ്പുവരുത്തേണ്ടതാണ്. ഇതു സംബന്ധിച്ച പ്രവർത്തനങ്ങൾ 2024 ഡിസംബർ, 2025 ജനുവരി മാസങ്ങളിൽ പൂർത്തിയാക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കർഷകർക്ക് കർഷക രജിസ്ട്രിയിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

വിവരങ്ങൾ ചേർക്കുന്നതിന് സ്വന്തമായി സാധ്യമല്ലെങ്കിൽ അടുത്തുള്ള അക്ഷയ സെന്ററിന്റേയോ, കോമൺ സർവീസ് സെന്ററിന്റേയോ കൃഷിഭവന്റെയോ സഹായം തേടാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 1800-425-1661 എന്ന ടോൾ ഫ്രീ നമ്പറിലോ, 0471 -2309122, 2303990, 2968122 എന്നീ ഹെല്പ് ഡെസ്ക് നമ്പരുകളിലോ വിളിക്കേണ്ടതാണ്.

2. കേരള കാർഷിക സർവകലാശാല, വെള്ളാനിക്കര ഇൻസ്ട്രക്ഷണൽ ഫാമിലെ പ്ലാവുകളിൽ നിന്നും വിളവെടുക്കുന്നതിനുള്ള അവകാശത്തിനായി **ക്വട്ടേഷൻ** ക്ഷണിച്ചിട്ടുണ്ട്. അവസാന **തീയതി 30.11.2024.** കൂടുതൽ വിവരങ്ങൾക്ക് 0487 2961457 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

3. മൃഗസംരക്ഷണ വകുപ്പ് മുഖേന ഇടത്തരം ക്ഷീരകർഷകർക്കുള്ള സമഗ്ര ഫാം സഹായ പാക്കേജ് പദ്ധതി 2024-25 അനുസരിച്ച് ആലപ്പുഴ ജില്ലയിൽ മൂന്ന് യൂണിറ്റുകൾ നടപ്പിലാക്കുന്നതിന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു. കുറഞ്ഞത് പത്തു കറവ പശുക്കളോ അല്ലെങ്കിൽ കൂടിയത് 20 കറവ പശുക്കളോ ഉള്ള കർഷകരെയാണ് പദ്ധതിക്കായി തെരഞ്ഞെടുക്കുന്നത്. നിർവ്വഹണചെലവ് ഉൾപ്പെടെ 100000/- രൂപയുടെ സാമ്പത്തിക സഹായമാണ് മൃഗസംരക്ഷണ വകുപ്പ് നൽകുന്നത്. ആലപ്പുഴ ജില്ലയിലെ അർഹരായ ക്ഷീരകർഷകർക്ക് ബന്ധപ്പെട്ട മൃഗാശുപത്രികൾ മുഖേന പ്രത്യേക ഫോമിൽ ആവശ്യമായ രേഖകൾ സഹിതം നവംബർ 30 നകം അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് അതാത് പഞ്ചായത്തിലെ മൃഗാശുപത്രിയുമായി ബന്ധപ്പെടുക. ഫോൺ നമ്പർ 0477-2252431.

### പരിശീലന പരിപാടി

4. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള തൃശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ **'ആട് വളർത്തൽ - ശാസ്ത്രീയ പരിപാലന രീതികൾ'** എന്ന വിഷയത്തിൽ **2024**

മാധ്യമങ്ങൾക്ക് പ്രസിദ്ധീകരണത്തിന്

**നവംബർ 29 ന്** ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300 രൂപ. താൽപര്യമുള്ളവർ 9400483754 എന്ന ഫോൺ നമ്പറിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

5. തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജ് സെന്റർ ഫോർ അഗ്രികൾച്ചറൽ ഇന്നവേഷൻസ് ആൻഡ് ടെക്നോളജി ട്രാൻസ്ഫർ (കൈറ്റ്) വച്ച് ഈ മാസം 25ന് രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണി വരെ **തേനീച്ച കൃഷി** എന്ന വിഷയത്തിൽ പരിശീലനം നൽകുന്നു. പരിശീലന ഫീസ് 500 രൂപ. പങ്കെടുക്കാൻ താല്പര്യമുള്ളവർ ഓഫീസ് സമയത്ത് 8891540778 എന്ന ഫോൺ നമ്പറിൽ വിളിക്കുകയോ പേരും സ്ഥലവും whatsapp ചെയ്യുകയോ ചെയ്യുക.

6. വെള്ളാനിക്കര കാർഷിക കോളേജിന്റെ കീഴിലുള്ള ഫ്ലോറികൾച്ചർ ആൻഡ് ലാൻഡ്സ്കേപിങ് വിഭാഗത്തിൽ **'നഴ്സറി പരിപാലനവും സസ്യ പ്രവർദ്ധന രീതികളും' (ബഡിങ്,ഗ്രാഫ്റ്റിംഗ്,ലെയറിങ്) എന്ന വിഷയത്തിൽ** 30.11.2024 ന് ഒരു പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ 8547254010 എന്ന നമ്പറിൽ 28.11.2014 ന് മുൻപായി രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലന ഫീസ് ആയ 500 രൂപ ഇതേ നമ്പറിൽ ഗൂഗിൾ പേ ചെയ്യാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം